# പൂർണ്ണ സുവിശേഷം
## THE FULL GOSPEL



**"ഞാനോ ഭൂമിയിൽ നിന്നും ഉയർത്തപ്പെട്ടാൽ എല്ലാവരേയും എങ്കലേക്ക് (ക്രിസ്തുവിങ്കലേക്ക്) ആകർഷിക്കും" (യോഹ. 12:32).**

**സകലർക്കുമായുള്ള നിത്യജീവന്റെ പ്രത്യാശ**

"പൂർണ്ണസുവിശേഷം" എന്ന പേരിൽ അനേകരും ഘോഷിച്ചുവരുന്ന സുവിശേഷം, ദൈവത്തിന്റേയും ക്രിസ്തുവിന്റേയും തികവുറ്റ "തേജസ്സുള്ള സുവിശേഷം" (1 തിമൊ. 1:11; 2 കൊരി. 4:4) ഉൾക്കൊള്ളുന്ന അതിപ്രധാനവും ഹൃദയസ്പർശിയുമായ പലതിന്റേയും അഭാവം കൊണ്ട് അപൂർണ്ണമാണെന്ന് നിങ്ങൾ അറിയുന്നുവോ?

സുവിശേഷം എന്ന പദത്തിനർത്ഥം 'സദ്വർത്തമാനം', 'സുവാർത്ത', 'നല്ലദൂത്' എന്നാണ്. വിശുദ്ധവേദഗ്രന്ഥത്തിൽ പരാമർശിക്കുന്ന മഹത്തായ "സുവാർത്ത" ഏവർക്കും ആവശ്യമാണെന്ന കാര്യം നിങ്ങൾ അറിയുന്നുവോ?

ക്രിസ്തുവിന് മുമ്പ് രണ്ടായിരം വർഷങ്ങൾക്കുമപ്പുറം അബ്രഹാമിന്റെ നാൾ മുതൽ, സുവിശേഷം സംക്ഷിപ്തരൂപത്തിൽ ഘോഷിച്ചു വരികയാണ്. "നിന്നിൽ സകല ജാതികളും അനുഗ്രഹിക്കപ്പെടും എന്നുള്ള സുവിശേഷം ദൈവം അബ്രഹാമിനോടു മുമ്പുകൂട്ടി അറിയിച്ചു" എന്നു ബൈബിൾ പ്രസ്താവിക്കുന്നു (ഗലാ. 3:8; ഉല്പ. 12:3; എബ്രാ. 6:13–18).

"ഞാൻ നിന്നെ ഐശ്വര്യമായി അനുഗ്രഹിക്കും, നിന്റെ സന്തതിയെ ആകാശത്തിലെ നക്ഷത്രങ്ങൾ പോലെയും കടൽക്കരയിലെ മണൽ പോലെയും അത്യന്തം വർദ്ധിപ്പിക്കും; നിന്റെ സന്തതി ശത്രുക്കളുടെ പട്ടണങ്ങളെ കൈവശമാക്കും. നിന്റെ സന്തതി മുഖാന്തരം ഭൂമിയിലുള്ള സകല ജാതികളും അനുഗ്രഹിക്കപ്പെടും എന്നു ഞാൻ എന്നെക്കൊണ്ടുതന്നെ സത്യം ചെയ്തിരിക്കുന്നു" എന്ന് ദൈവം ഈ മഹത്തായ സുവിശേഷ വാഗ്ദത്തത്തെ ഉല്പത്തിപുസ്തകത്തിൽ വിടർത്തി പറഞ്ഞിരിക്കുന്നു (ഉല്പ. 22:16–18).

അബ്രഹാമിന്റെ സന്തതി എന്നു പറയുന്നത് അവന്റെ ജഡീയ സന്തതികളെക്കുറിച്ചു മാത്രമല്ല, അടിയുറച്ച വിശ്വാസമുള്ള എല്ലാ ക്രൈസ്തവരെയും കൂടി ഉദ്ദേശിച്ചാണ് (റോമ. 4; എബ്രാ. 11:18,19; യാക്കോ. 2:23).

അബ്രഹാമിന്റെ മുഖ്യസന്തതി "ക്രിസ്തു തന്നെ". "ക്രിസ്തുവിനുള്ളവർ (അവന്റെ വിശ്വസ്തരായ അനുയായികൾ) എങ്കിലോ നിങ്ങൾ അബ്രഹാമിന്റെ സന്തതിയും വാഗ്ദത്ത പ്രകാരം അവകാശികളും ആകുന്നു" എന്ന് ബൈബിൾ പ്രസ്താവിക്കുന്നു (ഗലാ. 3:16, 29; അപ്പൊ. 3:25, 26; എഫെ. 2:11–15; 3:6).

ഇരുവിധമായ സന്തതികൾ ഉണ്ടായിരിക്കുമെന്നാണ് ഈ സുവിശേഷ വാഗ്ദത്തം സൂചിപ്പിക്കുന്നത്. "ആകാശത്തിലെ നക്ഷത്രങ്ങൾ പോലെ" സ്വർഗ്ഗത്തിൽ വസിക്കേണ്ടവരും "കടൽ കരയിലെ മണൽപോലെ" ഭൂമിയിൽ വസിക്കേണ്ടവരും ആണ് പ്രസ്തുത സന്തതികൾ. നീതി വസിക്കുന്ന പുതിയ ആകാശവും പുതിയഭൂമിയും (ഭൂമിയിലെ ദൈവരാജ്യം. മത്താ. 6:10) ഇവിടെ ഉണ്ടായിരിക്കുമെന്നും (യെശ. 65:17; 2 പത്രൊ. 3:13) അതിൽ വിശേഷിച്ച് സ്വർഗ്ഗീയ സന്തതി ഭൂമിയിലെ സകല മാനവകുടുംബങ്ങളെയും വലിയ അളവിൽ അനുഗ്രഹിക്കുമെന്നും ആ വാഗ്ദത്തം വ്യക്തമാക്കുന്നു (അപ്പൊ. 15:14–17; റോമ. 11:28–31).

"നാം പാപികൾ ആയിരിക്കുമ്പോൾ തന്നെ ക്രിസ്തു അഭക്തരായ നമുക്കുവേണ്ടി മരിച്ചു'' എന്നതുവഴി ദൈവം മാനവരാശിയുടെ നേർക്കുള്ള തന്റെ മഹാസ്നേഹത്തെ പ്രദർശിപ്പിച്ചിരിക്കുന്നു. അങ്ങനെ യേശു "എല്ലാവർക്കുംവേണ്ടി മറുവിലയായി തന്നെത്താൻ കൊടുത്തു". "അവൻ നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തം (പരിഹാരം) ആകുന്നു. നമ്മുടേതിനു മാത്രമല്ല, സർവ്വ ലോകത്തിന്റേയും പാപത്തിനും തന്നെ" (റോമ. 5:6–11; 1 തിമൊ. 2:3–6; 4:10; 1 യോഹ. 2:2).

അതുകൊണ്ട് യേശു "വഴിയും സത്യവും ജീവനും" ആകുന്നു. യേശുവിലുള്ള വിശ്വാസം മുഖേനയല്ലാതെ ആർക്കും ദൈവത്തിങ്കലേക്ക് വരുവാൻ സാദ്ധ്യമല്ല (യോഹ. 3:14–17,36; 14:6; 10:9; അപ്പൊ. 4:12; 16:31; 1 യോഹ. 5:10–12).

അബ്രഹാമിന്റെ സന്തതി ആകുന്നതിന് എല്ലാവരും ദൈവം ഉണ്ടെന്നും, അവനിൽ വിശ്വസിക്കുന്നവർക്കു അവൻ പ്രതിഫലം നൽകുന്നവനാണെന്നും വിശ്വസിക്കുകയും പാപങ്ങളെ സംബന്ധിച്ച് പശ്ചാത്തപിക്കുകയും നമ്മുടെ പാപങ്ങളിൽ നിന്നും നമ്മെ രക്ഷിക്കേണ്ടതിന് ലോകത്തിലേക്ക് ദൈവം അയച്ച ഒരേ ഒരുവൻ എന്ന നിലയിൽ യേശുവിൽ വിശ്വസിക്കുകയും വേണം (എബ്രാ. 11:6; മത്താ. 1:21; അപ്പൊ. 17:30,31; 20:21; 26:20). ഈ വിധം മാത്രമേ ഏതൊരുവനും ''ദൈവത്തോടു പൂർണ്ണസമാധാനവും'' ''നാം നിൽക്കുന്ന ഈ (ദൈവ) കൃപയിലേക്കു അവന്മൂലം വിശ്വാസത്താൽ പ്രവേശനവും ലഭിക്കുകയുള്ളൂ". അതായത് സ്വേച്ഛ വിട്ടുകളഞ്ഞ് തൽസ്ഥാനത്ത് സമർപ്പണമോ, പ്രതിഷ്ഠയോ വഴി ദൈവേഷ്ടം സ്വീകരിക്കുക എന്നതു തന്നെ (സദൃ. 23:26; റോമ. 5:1, 2; 12:1).

എബ്രായർ 6:4,5 പറയുംപ്രകാരമുള്ള അനുഗ്രഹങ്ങൾക്കു പാത്രമായ എല്ലാ സുവിശേഷയുഗ സത്യവിശ്വാസികളും സ്വർഗ്ഗത്തിലെ നിത്യജീവനു വേണ്ടിയോ അഥവാ നിത്യമരണത്തിന് (രണ്ടാം മരണത്തിന്) വേണ്ടിയോ ഉള്ള പരിശോധനയിൽ ആയിരിക്കയാൽ, നിത്യജീവന്റെ പരിശോധനയ്ക്ക് അവർക്ക് ഭാവിയിൽ ഒരവസരം ഉണ്ടായിരിക്കുന്നതല്ല (1 യോഹ. 5:16; 2 പത്രൊ. 2:1,12,20–22; വെളി. 20:13,14; 21:8).

മാനവരാശിയിൽ ബഹുഭൂരിപക്ഷം വരുന്നവരും, തിരഞ്ഞെടുപ്പിൽ ഉൾപ്പെടാത്തവരുമായ ജനവിഭാഗങ്ങൾ ക്രിസ്തുവിലൂടെയുള്ള ദൈവസ്നേഹത്തിന്റെ മഹത്തായ സദ്വർത്തമാനം ശ്രവിച്ചിട്ടില്ലാത്തവരോ അഥവാ അല്പം മാത്രം ശ്രവിച്ചിട്ടുള്ളവരോ ആണ്. എബ്രായർ 6:4,5 ൽ പറയും പ്രകാരമുള്ള അനുഗ്രഹങ്ങൾ അവർ പ്രാപിച്ചിട്ടുമില്ല. അതുകൊണ്ട് അവർ ഈ ആയുസ്സിൽ നിത്യജീവനുവേണ്ടിയോ അഥവാ നിത്യമരണത്തിനുവേണ്ടിയോ ഉള്ള പരിശോധനയിൽ ആയിട്ടുമില്ല (യൂദാ. 12).

ദൈവം "സകല മനുഷ്യരും രക്ഷ പ്രാപിപ്പാനും (ആദാമ്യ പാപശിക്ഷാ വിധിയിൽ നിന്നും) സത്യത്തെ സംബന്ധിച്ച (സൂക്ഷ്മ) പരിജ്ഞാനത്തിൽ എത്തുവാനും അവനെ തിരിച്ചറിയുവാനും ഇച്ഛിക്കുന്നു (യെശ. 11:9; 40:5; യിരെ. 31:34; ഹബ. 2:14; 1 തിമൊ. 2:4–6; 4:10).

തിരഞ്ഞെടുപ്പു വിഭാഗത്തിനുള്ള ന്യായവിധി ദിവസം സുവിശേഷയുഗമാണ്. എന്നാൽ തിരഞ്ഞെടുപ്പിൽ ഉൾപ്പെടാത്തവർക്കു ദൈവം "മറ്റൊരു ദിവസം നിശ്ചയിച്ചിരിക്കുന്നു". എല്ലാറ്റിന്റേയും "യഥാസ്ഥാപന കാലങ്ങളായ" ആ സഹസ്രാബ്ദ ദിനത്തിൽ അവൻ "ലോകത്തെ (യേശുമുഖാന്തരം) നീതിയിൽ ന്യായം വിധിക്കും" (1 പത്രൊ. 4:17; അപ്പൊ. 3:19–21; 17:31; 2 പത്രൊ. 3:7,8; യെശ. 25:6–9; 26:9; 35).

മഹത്തായ ആ സഹസ്രാബ്ദ ന്യായവിധി ദിവസത്തിൽ, ക്രിസ്തു പൂർണ്ണമായും ഉയർത്തപ്പെട്ടു കഴിയുമ്പോൾ, അവൻ സകലരേയും തന്നിലേക്ക് ആകർഷിക്കും. ഈ ആയുസ്സിൽ രക്ഷയ്ക്ക് പൂർണ്ണമായ നിലയിലുള്ള ഒരവസരം ലഭിക്കാത്ത ഏവർക്കും,അത് അവർ മരണനിദ്രയിൽ നിന്നും ഉണർത്തപ്പെട്ടശേഷം ലഭിക്കുന്നതായിരിക്കും. ആ ന്യായവിധിയിലാകട്ടെ, ഉപദേശം, പരിശോധന, തിരുത്തൽ, ഒന്നുകിൽ ഭൂമിയിലുള്ള നിത്യജീവനോ അഥവാ മരണം വഴിയുള്ള നിത്യഛേദനത്തിനോ വേണ്ടിയുള്ള അന്തിമ തീരുമാനം എന്നിവ അന്തർഭവിച്ചിരിക്കുന്നു (മത്താ. 25:31-46).

ഇപ്രകാരം യഥാർത്ഥവും മഹനീയവും പൂർണ്ണവുമായ ദൈവത്തിന്റെ സുവിശേഷം രക്ഷയ്ക്കായുള്ള ഒരു പൂർണ്ണാവസരം ക്രിസ്തുവിലുള്ള വിശ്വാസംവഴി എല്ലാവർക്കും പ്രദാനം ചെയ്യുന്നു. അതേസമയം പൂർണ്ണ സുവിശേഷം എന്നു ചിലർ വിശേഷിപ്പിക്കുന്ന സുവിശേഷം വളരെ കുറച്ചുപേരുടെ രക്ഷയ്ക്കു മാത്രം ഉതകുന്നത് എന്ന നിലയ്ക്ക് വാസ്തവത്തിൽ വളരെ സങ്കുചിതമാണ്.

ഭൂമിയിൽ നിത്യമായി അധികാരത്തിൽ വരാൻപോകുന്ന ക്രിസ്തുവിന്റെ നീതിയുള്ള ഭരണത്തെയും യഥാസ്ഥാപനവേലയേയും സംബന്ധിച്ചുള്ള വേദസത്യങ്ങളുടെ കൂടുതൽ പഠനത്തിലേക്കും ബൈബിൾ പഠനത്തിനാവശ്യമായ ലഘുലേഖകൾ, പുസ്തകങ്ങൾ, ബൈബിൾ സ്റ്റാൻഡാർഡ് മാസിക മുതലായവയ്ക്കും താഴെകാണുന്ന വിലാസത്തിൽ ഞങ്ങൾക്ക് എഴുതുക.


**Courtesy by: BIBLE STANDARD MINISTRIES - LHMM**
**1156 St. Matthews Road, Chester Springs, PA, 19425-2700, USA.**

| For English | For Malayalam |
| --- | --- |
| Bro. V. Vincent Jeyakumar<br>Representative of India<br>Bible Standard Ministries - LHMM<br>32-D, Dr. Solomon Complex<br>Near Railway Gate, Nazareth<br>Tamil Nadu, India - 628 617<br>Cell : 9894926629<br>Email:vincent.v31@gmail.com | Bro. Abraham Mathew<br>Bible Standard Ministries - LHMM<br>Kakkamparampil<br>Vakathanam. P.O<br>Kottayam Dist, Kerala<br>India - 686 538<br>Cell: 9847553988<br>Email : enjoymathew@gmail.com |



Visit us at : **www.biblestandardindia.com** (For private circulation only)